'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ല - എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. മിജോയ് മൈക്കിൾ പി.യ്ക്കെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

G.O.(Rt)No.739/2019/LSGD തീയതി,തിരുവനന്തപുരം, 28/03/2019

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 08.01.2018-ലെ 40030/സി.പി.എസ്.പി.-4/വിഎസിബി/2018 നമ്പർ കത്ത്

2 സർക്കാരിന്റെ 04.06.2018-ലെ ഇപിബി2/116/2018/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. മിജോയ് മൈക്കിൾ പി. സമർപ്പിച്ച 07.08.2018-ലെ പ്രതിവാദ പത്രിക

## ഉത്തരവ്

സർക്കാർ ഭൂമി അനധികൃതമായി വ്യാജ രേഖകൾ ഉണ്ടാക്കി മറിച്ചുവിറ്റത് കണ്ടെത്തി തിരിച്ചെടുക്കണമെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ എറണാകുളം ജില്ലയിലെ പുതുവൈപ്പ് റീ സർവ്വേ നമ്പർ 166/1, 167/5, 167/6, 167/7, 167/9, 167/14 എന്നീ സബ് ഡിവിഷനിൽപ്പെട്ട 3 2 സെന്റിലധികം ഭൂമിയിൽ മോളിക്യൂലർ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ കെട്ടിടം പണിയുന്നതിനുള്ള അപേക്ഷയിൽ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്ഥല പരിശോധന നടത്താതെ പെർമിറ്റ് നല്കിയതു മൂലം ആശുപത്രി കെട്ടിടം പണിയുന്നതിന്റെ മറവിൽ സർക്കാർ പുറമ്പോക്ക് ആയി രേഖപ്പെടുത്തപ്പെട്ട റീസർ വ്വേ 167/14, 5, 6-ൽപ്പെട്ട സർക്കാർ പുറമ്പോക്ക് ഭൂമി അന്യാധീനപ്പെട്ടതായി കണ്ടെത്തുകയുണ്ടായി. തുടർന്ന് പ്രസ്തുത വീഴ്ചകൾക്കുത്തരവാദിയായ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. മിജോയ് മൈക്കിളിന് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. മിജോയ് മൈക്കിൾ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ഹോസ്പിറ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് നൽകിയ പെർമിറ്റിൽ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. ടി.എസ്. നാഗരാജ് ആണ് ഒപ്പ് വച്ചിട്ടുള്ളതെന്നും ആയതിനാൽ കുറ്റപത്രത്തിൽ ആരോപിക്കുംപ്രകാരം താൻ പെർമിറ്റ് നൽകിയിട്ടില്ലാത്തതാണെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മിജോയ് മൈക്കിളിന് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതിനാൽ ശ്രീ. മിജോയ് മൈക്കിളിനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. മിജോയ് മൈക്കളിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.ബിനു ജോൺ നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ആരോപണ വിധേയനായ ഉദ്യോഗസ്ഥന് നൽകി പ്രസ്തുത വിവരം സഹിതം അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
S MOHANDAS
ADDITIONAL SECRETARY

പകർപ്പ്

1. ശ്രീ.ബിനു ജോൺ,പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, എറണാകുളം

   (വിജിലൻസ് റിപ്പോർട്ട്, കുറ്റപത്രം, പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. മിജോയ് മൈക്കിൾ, മുൻ സെക്രട്ടറി, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/116/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ